പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1271 01.07.2015 ൽ മറുപടിയ്ക്ക്

## അവശ്യ സാധനങ്ങളുടെ വിലക്കയറ്റം

ചോദ്യം
ശ്രീ. എം. ഹംസ

ഉത്തരം
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) അവശ്യസാധനങ്ങളുടെ വിലനിലവാരം അമിതമായി വർദ്ധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>(1). നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.<br>2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.<br>3). കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി /തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.<br>4). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു. |

5). ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.
6). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
7). പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.
8). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.
9). സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
10). ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്.
ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന അരി, ഗോതമ്പ് എന്നിവയുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ അരിയുടെയും ഗോതമ്പിന്റെയും കേന്ദ്ര വിഹിതം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാമോ ; | (ബി) | നോർമൽ വിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ അഡ്ഹോക്ക് വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുനസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ? | (സി) | കേന്ദ്ര സർക്കാരുമായി നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി അഡ്ഹോക്ക് വിഹിതം കേന്ദ്ര സർക്കാർ പുന:സ്ഥാപിച്ച് നൽകാറുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

2011-12 വർഷം മുതൽ 2014-15 വർഷം വരെ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച അരി, ഗോതമ്പ് എന്നിവയുടെ അളവ് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു (അളവുകൾ മെ. ടണ്ണിൽ)

| വർഷം | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| എ.പി.എൽ അരി | 587252 | 618168 | 618168 | 665268 |
| എ.പി.എൽ. ഗോതമ്പ് | 191814 | 201912 | 184840 | 156471 |
| ബി.പി.എൽ അരി | 439366 | 536495 | 369712 | 431135 |
| ബി.പി.എൽ. ഗോതമ്പ് | 118425 | 171957 | 83756 | 92103 |
| എ.എ.വൈ അരി | 250260 | 250260 | 250260 | 250260 |
| അന്നപൂർണ്ണ അരി | 1350 | 2700 | 2714.28 | 1857.975 |

ഇതു കൂടാതെ ഉയർന്ന നിരക്കിൽ അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഒ.എം.എസ്.എസ് നിരക്കിൽ അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ് ചുവടെ ചേർക്കുന്നു (അളവുകൾ മെ. ടണ്ണിൽ)

2013-14 സാമ്പത്തിക വർഷം

| ക്രമ നം. | പദ്ധതി | അരി (MT) | ഗോതമ്പ് (MT) |
|---|---|---|---|
| 1 | ഒ.എം.എസ്.എസ്. | 20000 | 500 |
| 2 | ഓണം സ്പെഷ്യൽ ഒ.എം.എസ്.എസ്. | 63259 | 37450 |
| 3 | വെള്ളപ്പൊക്ക ദുരിതാശ്വാസം ഒ.എം.എസ്.എസ്. | 5962.798 | 657.489 |

2012-13 സാമ്പത്തിക വർഷം

| ക്രമ നം. | പദ്ധതി | അരി (MT) | ഗോതമ്പ് (MT) |
|---|---|---|---|
| 1 | ഒ.എം.എസ്.എസ്. സപ്ലൈക്കോ | 28088 | 10083 |
| 2 | ഒ.എം.എസ്.എസ്. റേഷൻ കടകൾ വഴി | 60000 | 30000 |

2011-12 സാമ്പത്തിക വർഷം

| ക്രമ നം. | പദ്ധതി | അരി (MT) | ഗോതമ്പ് (MT) |
|---|---|---|---|
| 1 | ഒ.എം.എസ്.എസ്. സപ്ലൈക്കോ | 24265 | 28748 |

2013-14 സാമ്പത്തിക വർഷത്തിൽ എം.എസ്.പി (താങ്ങുവില) നിരക്കിൽ അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ് ചുവടെ ചേർക്കുന്നു (അളവുകൾ മെ. ടണ്ണിൽ)

| ക്രമ നം. | പദ്ധതി | അരി (MT) | ഗോതമ്പ് (MT) |
|---|---|---|---|
| 1 | ക്രിസ്തുമസ് സ്പെഷ്യൽ എം.എസ്.പി. | 30750 | 36900 |
| 2 | സ്പെഷ്യൽ എം.എസ്.പി. | 0 | 51072 |

2014-15 സാമ്പത്തിക വർഷത്തിൽ എം.എസ്.പി (താങ്ങുവില) നിരക്കിൽ അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ് ചുവടെ ചേർക്കുന്നു

| ക്രമ നം. | പദ്ധതി | അരി (MT) അനുവദിച്ചത് |
|---|---|---|
| 1 | സ്പെഷ്യൽ എം.എസ്.പി. | 15000 |

2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷത്തിൽ വെൽഫയർ സ്ഥാപനങ്ങൾക്ക് അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ് ചുവടെ ചേർക്കുന്നു (അളവുകൾ മെ. ടണ്ണിൽ)

| വർഷം | അരി (MT) അനുവദിച്ചത് | ഗോതമ്പ് (MT) അനുവദിച്ചത് |
|---|---|---|
| 2014-15 | 1782.6 | 539.25 |
| 2013-14 | 1753.668 | 382.02 |
| 2012-13 | 1479 | 382.02 |
| 2011-12 | 1674 | 382.02 |

സ്പെഷ്യൽ അലോട്ട്മെന്റുകൾ (അളവുകൾ മെ. ടണ്ണിൽ)

| വർഷം | പദ്ധതി | അരി (MT) അനുവദിച്ചത് | ഗോതമ്പ് (MT) അനുവദിച്ചത് |
|---|---|---|---|
| 2011-12 | സ്പെഷ്യൽ അലോട്ട്മെന്റ് | 54000 | 27000 |
| 2011-12 | പിന്നോക്ക ജില്ല അലോട്ട്മെന്റ് | 3229 | 660 |
| 2012-13 | പിന്നോക്ക ജില്ല അലോട്ട്മെന്റ് | 1080 | 150 |

Beena
സെക്ഷൻ ഓഫീസർ